പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2823 — 19/06/2014-ൽ മറുപടിയ്ക്ക്

## ദേശീയ പാത വികസനത്തിനായി വിട്ടു നൽകിയ ഭൂമിയുടെ വില

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യുവും കയറും വകുപ്പുമന്ത്രി) |
| (എ) | തിരുവനന്തപുരം ജില്ലയിൽ കരമന-കളിയിക്കാവിള ദേശീയ പാത വികസനത്തിനായി ഭൂമി വിട്ടു നൽകിയ കെ. രാജൻ, ഹൗസ് നമ്പർ-52/2295, നേമം പി.ഒ., തിരുവനന്തപുരം എന്ന യാളിന് പ്രസ്തുത ഭൂമിക്കുള്ള വില, ടിയാന്റെ കൈവശം അസൽ പ്രമാണം ഇല്ല എന്ന കാരണത്താൽ, ഡി. വി. എസ്. ആക്റ്റ് നിലവിലിരിക്കെ, സ്പെഷ്യൽ തഹസീൽദാർ (പൊന്നുംവില) മനപൂർവ്വം തടഞ്ഞു വച്ചിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാ വകാശം തെളിയിക്കുന്നതിന് ശ്രീ. രാജ വസ്തുവിന്റെ അസ്സൽ പ്രമാണ ഹാജരാക്കിയിട്ടില്ല. എങ്കിലും ജില്ലാ കളക്ട ബന്ധപ്പെട്ട ഫയലുകൾ വിശദമായ പരിശോധിക്കുകയും 02-06-2014-ന് പരാതി ക്കാരെ നേരിൽ കേൾക്കുകയുമുണ്ടായ കക്ഷിക്ക് പല കോടതികളിലായി വസ്തു സംബന്ധമായ വ്യവഹാരങ്ങൾ നിലനി ക്കുന്നതിനാലും ടി വസ്തുവിന്റെ അസ്സൽ പ്രമാണം തിരിച്ചുകിട്ടാനിടയില്ലാത്ത വിധ നഷ്ടപ്പെട്ടു എന്ന് സംശയാതീതമായ തെളിയിക്കാൻ സാധിക്കാത്തതിനാലും നഷ്ട പരിഹാര തുക നിയമപ്രകാരം കോടതിയിൽ കെട്ടിവയ്ക്കാൻ മാത്രമേ നിർവ്വാഹമുണ്ടാ യിരുന്നുള്ളൂ. എന്നാൽ 01-01-2014-ന് പുതിയ ലാന്റ് അക്വിസിഷൻ ആക്റ്റ് നിലവിൽ വന്നതിനാൽ തുടർ നടപടികൾ സ്വീക ക്കാൻ സാധിച്ചില്ല. പിന്നീട് ടിയാളുടെ നഷ്ടപരിഹാര തുക കോടതിയിൽ കെട്ടിവയ്ക്കുന്നതിന് ജില്ലാ കളക്ടർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശ നൽകിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതുപോലെ അസൽ പ്രമാണമില്ലാത്തതിനാൽ ആയതിന്റെ സർട്ടിഫൈഡ് കോപ്പി ഹാജരാക്കിയ ഫയൽ നമ്പർ-299/13-ന് രണ്ടു മാസങ്ങൾക്കു മുമ്പു തന്നെ അവാർഡ് തുക നൽകിയ മുൻ സംഭവം ഉണ്ടെന്നിരിക്കെ മേൽപറഞ്ഞ കെ. രാജനും അർഹതയുള്ള അവാർഡു നൽകാൻ ഉടൻ നടപടി സ്വീകരിക്കുമോ ; | (ബി) | അസ്സൽ ആധാരം ഹാജരാക്കാത്ത ഭൂവുട കൾക്കാർക്കും നഷ്ടപരിഹാരത്തുക അനു വദിച്ചിട്ടില്ല. ചോദ്യത്തിൽ പരാമർശിക്കുന്ന എൽ. എ. സി. 299/13 കേസിൽ അസ്സൽ ആധാരങ്ങളും അനുബന്ധ രേഖകളു ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരത്തുക അനുവദിച്ചിട്ടുള്ളത്. |
| (സി) | മേൽ പറഞ്ഞ രീതിയിൽ അധികാരദുർവിനിയോഗം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നത് ? | (സി) | പരാമർശിത വിഷയം സംബന്ധിച്ച് അധികാരദുർവിനിയോഗമോ മനപൂർവ്വമായ കാലതാമസമോ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ